# केरल हिन्दी साहित्य अकादमी

കേരള ഹിന്ദി സാഹിത്യ അക്കാദമി KERALA HINDI SAHITYA ACADEMY

(Register No.277/82, 16 June 1982 : (An Organisation for Hindi Studies and National Integration)

D-1, Lakshmi Nagar, Pattom Palace P.O., Thiruvananthapuram-695004 (Kerala) Mobile : 8800095639

E-mail : sarada.sunanda@gmail.com Website : http://keralahindisahityaacademy.com; http://drnchandrasekharannair.in

संस्थापक अध्यक्ष : स्वर्गीय पद्मश्री डॉ.एन.चन्द्रशेखरन नायर

संरक्षकः जस्टिस एम.आर.हरिहरन नायर

(पूर्व न्यायाधीश, उच्च न्यायालय (केरल) और पूर्व ओमबुड्समेन और चेयरमान, केरल सरकार अगाडी समुदाय कल्याण कमिशन)

अध्यक्ष - प्रो.(डॉ.) एस.तंकमणि अम्मा, उपाध्यक्ष - डॉ.पी.लता, महासचिव - डॉ.एस.सुनंदा, सचिव - डॉ.विष्णु आर.एस., कोषाध्यक्ष - मालविका चन्द्रा

<u>പത്രക്കുറിപ്പ്</u>

26-12-2023

## കേരള ഹിന്ദി സാഹിത്യ അക്കാദമി വാർഷികവും ഡോ. എൻ. ചന്ദ്രശേഖരൻ നായർ ഹിന്ദി ഗവേഷണ പുരസ്കാര വിതരണവും

കേരള ഹിന്ദി സാഹിത്യ അക്കാദമിയുടെ 43-ാം വാർഷികത്തിന്റെയും ഡോ.എൻ.ചന്ദ്രശേഖരൻ നായർ ഹിന്ദി ഗവേഷണ പുരസ്കാരം-2023 വിതരണത്തിന്റെയും അക്കാദമി സ്ഥാപക ചെയർമാൻ ദിവംഗതനായ പത്മശ്രീ ഡോ.എൻ.ചന്ദ്രശേഖരൻ നായരുടെ 101-ാമത് ജന്മദിനാചരണത്തിന്റെയും ഔദ്യോഗിക ഉദ്ഘാടനം ഡിസംബർ 28 വ്യാഴാഴ്ച രാവിലെ 10 മണിക്ക് കേരള ഹിന്ദി പ്രചാരസഭ യിലെ എം.കെ.വേലായുധൻ നായർ ആഡിറ്റോറിയത്തിൽ ആദരണീയനായ വിദേശകാര്യ-പാർല മെന്ററികാര്യ സഹമന്ത്രി ശ്രീ.വി.മുരളീധരൻ നിർവ്വഹിക്കും. ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി ഡോ.വി.പി.ജോയ് ഐ.എ.എസ്. ഡോ.ദിൽനയ്ക്ക് "ഡോ.എൻ.ചന്ദ്രശേഖരൻ നായർ ഹിന്ദി ഗവേ ഷണ പുരസ്കാരം" സമ്മാനിക്കും. അക്കാദമി അധ്യക്ഷ പ്രൊഫ.(ഡോ.) എസ്.തങ്കമണി അമ്മയുടെ അധ്യക്ഷതയിൽ ജസ്റ്റിസ് എം.ആർ.ഹരിഹരൻ നായർ മുഖ്യപ്രഭാഷണം നടത്തും. ചടങ്ങിൽ ഡോ.എൻ.രാധാകൃഷ്ണൻ, ശ്രീ.കെ.രാമൻപിള്ള തുടങ്ങിയ പ്രമുഖർ ആശംസകൾ അർപ്പിച്ച് സംസാരിക്കും.

'ഡോ. എൻ.ചന്ദ്രശേഖരൻ നായർ ഹിന്ദി ഗവേഷണ പുരസ്കാരം' കേരളത്തിലെ സർവ്വകലാശാലകളിൽ നിന്ന് ഡോക്ടറേറ്റ് ഡിഗ്രി നൽകപ്പെട്ട ഏറ്റവും മികച്ച ഹിന്ദി ഗവേഷണ പ്രബന്ധത്തിന് പത്മശ്രീ ഡോക്ടർ എൻ. ചന്ദ്രശേഖരൻ നായർ (സ്ഥാപക ചെയർമാൻ, കേരള ഹിന്ദി സാഹിത്യ അക്കാദമി) ഏർപ്പെടുത്തിയിട്ടുള്ളതാണ്. വർഷം തോറും കൊടുക്കുന്ന 50,000 രൂപയും പ്രശസ്തിപത്രവും സ്തുതിഫലകവും അടങ്ങുന്ന ഈ പുരസ്കാരം 2018 മുതൽ എല്ലാ വർഷവും കൊടുത്തുവരുന്നു.

താങ്കളുടെ പത്രത്തിൽ ഈ വാർത്ത പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഡോ.എസ്.സുനന്ദ**

ജനറൽ സെക്രട്ടറി

Ph: 8800095639

Keralahindisahityaacademy.com

www.drnchandrasekharannair.In